## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 8** — 30.11.2015-ൽ മറുപടിയ്ക്ക്

### വന സംരക്ഷണ, കുറ്റകൃത്യ നിയന്ത്രണ പരിപാടി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. പി.കെ.ബഷീർ**<br>**ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ**<br>**ശ്രീ. പി. ഉബൈദുള്ള**<br>**ശ്രീ. കെ.എൻ.എ.ഖാദർ** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) വനവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (എ) വനവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷ നിലവിലുള്ള വനനിയമം പ്രകാരം പര്യാപ്തമാണ്. അതിനാൽ വനവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷ വർദ്ധനവ് ഇപ്പോൾ പരിഗണനയിൽ ഇല്ല. |
| (ബി) ശിക്ഷ വർദ്ധിപ്പിക്കാൻ ആലോചിക്കേണ്ടി വന്ന സാഹചര്യം വ്യക്തമാക്കുമോ; | (ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല. |
| (സി) വനത്തെയും വനസംരക്ഷണത്തെയും കുറിച്ച് പ്രായോഗിക പരിജ്ഞാനമുള്ള ആദിവാസികളെ വനസംരക്ഷണ, കുറ്റകൃത്യ നിയന്ത്രണ പരിപാടികളിൽ പങ്കെടുപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) വനത്തേയും, വനസംരക്ഷണത്തേയും കുറിച്ച് പ്രായോഗിക പരിജ്ഞാനമുള്ള ആദിവാസികളെ വനസംരക്ഷണ കുറ്റകൃത്യ നിയന്ത്രണ പരിപാടികളിൽ പരമാവധി പങ്കെടുപ്പിക്കുന്നുണ്ട്. വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ, വന മേഖലാ ജാഗ്രതാസമിതികൾ എന്നിവയിൽ ആദിവാസികളുടെ പങ്കാളിത്തം വലിയ തോതിലുണ്ട്. |

സെക്ഷൻ ഓഫീസർ